# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4455 — 13/11/2019-ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ ഇൻഡോ-ഷാർജ പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി.എ. റഹീം: | ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി |
| എ) ഇൻഡോ-ഷാർജ പ്രോജക്ട് സ്ഥാപിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;<br><br>ബി) പദ്ധതിയ്ക്കായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | എ) & ബി) കോഴിക്കോട് ജില്ലയിൽ ഒളവണ്ണ വില്ലേജിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ , അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ, സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിന് 30 ഏക്കർ 40 സെന്റ് സ്ഥലം ഡയറക്ട്/നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി സാംസ്കാരിക വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള അർത്ഥനാ പത്രം കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ഭൂമിയുടെ പെഗ് മാർക്കിംഗും, ജോയിന്റ് ഇൻസ്പെക്ഷനും പൂർത്തിയാക്കിയിട്ടുണ്ട്. സാമൂഹികാഘാത പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു.<br><br>ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം എന്നിവയാണ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ